**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 800** **10-06-2021 - ൽ മറുപടിയ്ക്ക്**

**കക്കയം ഡാം സൈറ്റ് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കക്കയം ഡാം സൈറ്റിലേക്ക് എത്തിച്ചേരാനുള്ള പ്രധാന റോഡായ എകരൂൽ കക്കയം ഡാം സൈറ്റ് റോഡിന്റെ ശോചനീയവസ്ഥ സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കക്കയം ഡാം സൈറ്റ് റോഡ് നവീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത റോഡ് 31/700 കിലോമീറ്ററാണ് ഉള്ളത്. താഴെ പറയുന്ന പ്രവൃത്തികൾ പ്രസ്തുത റോഡിന്റെ നവീകരണ പ്രവൃത്തിക്ക് വേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്. 1)കി.മീ 0/000 മുതൽ 6/400 വരെ ഉള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്ക് 10 കോടി രൂപയുടെ അടങ്കൽ തുകയോട് കൂടി 2 കോടി രൂപ 2021-22 വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2)കി.മീ 6/400 മുതൽ 13/400 വരെ ഉള്ള ഭാഗത്തിന്റെ നവീകരണ പ്രവൃത്തിക്ക് വേണ്ടി മലയോര ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3)പ്രളയത്തിൽ തകർന്ന ഭാഗങ്ങളിൽ പാർശ്വഭിത്തി നിർമ്മിക്കാൻ വേണ്ടി കി.മീ 27/800, 28/800, 29/500 എന്നിവിടങ്ങളിൽ 1 കോടി, 80 ലക്ഷം, 50 ലക്ഷം രൂപ ക്രമത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. 4)കി.മീ 21/600-ൽ പ്രളയത്തിൽ തകർന്നുപോയ കലുങ്കിന്റെ പുനർനിർമ്മാണത്തിനായി ഒരു കോടിയുടെ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. |
| (സി) | റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതിയിൽ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് പരിഗണിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത റോഡിന്റെ കി.മീ 19/000 മുതൽ 31/700 വരെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ